പൊതുവേ എല്ലാ റോഡുകളിലും ബസ് ബേകൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്തുമായി ആലോചിച്ച് ചെയ്തുവരികയാണ്.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, റോഡ് സുരക്ഷ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതിനെക്കുറിച്ച് അവബോധം വികസിപ്പിച്ചെടുക്കുന്നതാണ്. പ്രത്യേകിച്ചും ചെറുപ്പക്കാരുടെ ഇടയിൽ അന്തംവിട്ടുള്ള യാത്രയുടെ വിഷയങ്ങളുണ്ട്, അവരുടെയിടയിൽ അവബോധം വളർത്തിയെടുക്കണം. അതുകൊണ്ട് ഈ അവബോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ടോ ?

ശ്രീ. ജോസ് തെറ്റയിൽ : അന്താരാഷ്ട്ര റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി 2011 ജനുവരി 1-ാം തീയതി മുതൽ 7-ാം തീയതി വരെയുള്ള കാലഘട്ടം ദേശീയ റോഡ് സുരക്ഷാവാരം ആചരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത മാസം 1-ാം തീയതി ഇതിന്റെ ഉദ്ഘാടനം നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ അതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം ശക്തമാകണമെങ്കിൽ ആവശ്യമായ ജീവനക്കാർ വേണം. ഇപ്പോൾ എ.എം.വി.ഐ./എം.വി.ഐ. ഉൾപ്പെടെയുള്ള ജീവനക്കാർ വേണ്ടത്രയില്ല. പുതിയ തസ്തികകൾ സൃഷ്ടിച്ച് ഇതിന് പരിഹാരമുണ്ടാക്കുമോ?

ശ്രീ. ജോസ് തെറ്റയിൽ : ഇത് സംബന്ധമായി നിലവിലുള്ള ഉദ്യോഗസ്ഥന്മാരെ കൂടാതെ ഹോം ഗാർഡ്സിൽ നിന്നും 150 പേരെ തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഗവൺമെന്റ് പരിഗണിച്ചുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വ്യാജവാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ

5 (*65) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വ്യാപകമായി നിലവിലുണ്ടെന്ന പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാജ സർട്ടിഫിക്കറ്റുകളിലെ ഹോളോഗ്രാം ഒറിജിനലാണെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വോഷണഫലം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗതാഗത വകുപ്പു മന്ത്രിയുടെ പേരിൽ വ്യാജ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതായി അറിവുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) വ്യാജ സർട്ടിഫിക്കറ്റു നിർമ്മാണത്തിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഇ) വളരെ ഗരുതരമായ ഈ പ്രശ്നത്തിൽ സമഗ്രമായ അന്വേഷണവും, സമ്പൂർണ്ണ വാഹന പരിശോധനയും നടത്താൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി ( ശ്രീ. ജോസ് തെറ്റയിൽ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതേക്കുറിച്ച് വിശദമായ അന്വേഷണം പോലീസ് വകുപ്പ് നടത്തിവരുന്നു.

(സി) പേരിൽ വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ പത്രവാർത്തയിന്മേൽ അന്വേഷണത്തിന് പോലീസിൽ പരാതി നൽകി അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) ഈ വിഷയം സംബന്ധിച്ച അന്വേഷണം നടത്തുന്നത് പോലീസ് വകുപ്പാണ്. വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഇ) ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വാഹന പരിശോധന സുഗമമാക്കുന്നതിനും മോട്ടോർ വാഹന വകുപ്പിലെ ഡാറ്റാബേസിലെ വിവരങ്ങൾ പോലീസ് വകുപ്പിനുംകൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ വാഹനപരിശോധനയും രേഖകളുടെ സൂക്ഷ്മപരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ നടപടി**

**6 (*66)** ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും, മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) അറ്റക്കുറ്റപ്പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും പണികൾ നിശ്ചിത സമയത്തിനകം നടപ്പാക്കുന്നതിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly